# സ്ക്കൂൾ സാഹിത്യോത്സവത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന സാഹിത്യ ശില്പശാലകൾക്കുവേണ്ടി വിദ്യാരംഗം കലാസാഹിത്യ വേദി സീമാറ്റ് കേരളയുടെ സഹകരണത്തോടെ തയ്യാറാക്കിയ മൊഡ്യൂൾ നിർദ്ദേശങ്ങൾ.– 2015 – 2016

## നിർദ്ദേശങ്ങൾ :

- പ്രവർത്തനങ്ങളെ മികവുറ്റതാക്കാനുള്ള സവിശേഷമായ ഇടപെടലുകളുടെ ഭാഗമായാണ് ശിൽപശാലകളെ നോക്കി കാണേണ്ടത്.
- കുട്ടികളുടെ ആശയാവിഷ്ക്കാരണത്തിന്റെ ശക്തിയും സൗന്ദര്യവും വർദ്ധിപ്പിക്കുന്നതോടൊപ്പം സാധാരണ ക്ലാസനുഭവങ്ങളെ ഗുണപരമായി പ്രയോജനപ്പെടുത്താനുള്ള കാര്യങ്ങളും ഇതിന്റെ ഭാഗമായി ഉണ്ടാകണം.
- ക്ലാസ്സ് മുറികളിൽ ഉണ്ടായ സർഗ്ഗാത്മക ഇടപെടലുകളെ വ്യാപിപ്പിക്കുവാൻ സാധിക്കണം. 1 ആഴത്തിലും പരപ്പിലുമുള്ള വായനയും അതിൽ നിന്ന് രൂപപ്പെടുന്ന രചനകളും പൊതു ജനങ്ങളിലെത്തിക്കുന്നതിന് സാഹിത്യശിൽപശാലകൾ പ്രയോജനപ്പെടണം.
- പ്രാദേശിക ഭരണകൂടങ്ങളുടെ സഹകരണം ഉറപ്പാക്കി ശില്പശാലകളെ വൻവിജയമാക്കണം.

## ഉദ്ദേശ്യലക്ഷ്യങ്ങൾ :

- എല്ലാകുട്ടികൾക്കും വായനാനുഭവങ്ങളും എഴുത്തനുഭവങ്ങളും ലഭിക്കുന്നതിനുവേണ്ടി
- വിവിധ കലാസാഹിത്യ സൃഷ്ടികൾ പരിചയപ്പെടൽ
- എഴുത്തിനെ വ്യത്യസ്തവും വൈവിധ്യമാർന്നതുമായ തലത്തിലും ഭാവത്തിലും അറിയുന്നതിന്
- എഴുത്തിന്റെ ശാസ്ത്രം/കല/വൈദഗ്ധ്യം എന്നിവ ബോധ്യപ്പെടൽ
- എഴുത്ത്/വായന അനുഭവപരവും രസകരവുമായ ഒരു പ്രവർത്തനമാക്കി മാറ്റുന്നതിന്
- സർഗ്ഗാത്മക രചനകൾക്ക് കൂടുതൽ അവസരങ്ങളും അനുഭവങ്ങളും നൽകി കുട്ടികളുടെ രചനകളെ ഗൗരവത്തോടെ പരിഗണിക്കുന്നതിന്.
- രചനകൾ പങ്കുവെയ്ക്കാനും മെച്ചപ്പെടുത്താനും അവസരമൊരുക്കുന്നതിന്
- ക്ലാസ്സ് റൂം പഠനം കൂടുതൽ സർഗ്ഗാത്മകമാക്കുന്നതിന് എല്ലാ അധ്യാപകരെയും സജ്ജരാക്കുന്നതിന്
- രചനകളുടെ ഘടന, പ്രത്യേകത തിരിച്ചറിയുന്നതിന്, ലൈബ്രറി നവീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്.
- ക്ലാസ്സ് ലൈബ്രറികൾ സജീവമാക്കുന്നതിന്

# പൊതുനിർദ്ദേശങ്ങൾ

## സാഹിത്യ ശില്പശാല - ക്ലാസ്സ്തലം/ സ്കൂൾതലം

- എല്ലാ സ്കൂളുകളിലും കുട്ടികളുടെ ശില്പശാലകൾ നടത്തേണ്ടതാണ്.
- ഉപജില്ലാതലത്തിൽ / ക്ലസ്റ്റർ തലത്തിൽ നിന്നും പരിശീലനം ലഭിച്ച അധ്യാപകന്റെ നേതൃത്വത്തിൽ എസ്.ആർ.ജി.യിൽ ചർച്ച ചെയ്ത് ശില്പശാലയുടെ നടത്തിപ്പ് കാര്യങ്ങൾ ഏർപ്പാട് ചെയ്യേണ്ടതാണ്.
- പി.ടി.എയുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.
- പി.ടി.എ., എസ്.ആർ.ജി., എസ്.എസ്.ജി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ പ്രതി നിധികൾ സംയുക്തമായി ശില്പശാലയുടെ ഉദ്ഘാടനം നിർവഹിക്കണം.
- ഉദ്ഘാടനച്ചടങ്ങ് ലളിതമായിരിക്കണം.
- വായനമൂലയിലും സ്കൂൾ ലൈബ്രറിയിലും ശില്പശാലയ്ക്കാവശ്യമായ വായനസാമഗ്രികളുടെയും പുസ്തകങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.
- കഥ, കവിത, നാടൻപാട്ടുകൾ, എന്നിവയുടെ രചന, വായന, ആസ്വാദനം, അവതരണം എന്നിവ ശിൽപശാലയിൽ നടക്കണം.
- ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായോ സ്വതന്ത്രമായോ നടത്തിയ രചനകൾ അവതരിപ്പിക്കാൻ അവസരം നൽകണം.
- അനുബന്ധമായി കൊടുത്ത സൃഷ്ടികളും മറ്റ് രചനകളും പരമാവധി പരിചയപ്പെടുത്തണം.
- അംഗങ്ങൾ കൊണ്ടുവന്ന രചനകൾ കുട്ടികളുടെ മികവുകൾ എന്നിവ ശില്പശാല നടത്തുന്ന സ്ഥലത്തിന് പുറത്ത് പ്രദർശിപ്പിക്കണം.
- ഓരോ പ്രവർത്തനത്തിനും ആവശ്യമായ സാമഗ്രികൾ മുൻകൂട്ടി ലിസ്റ്റ് ചെയ്ത് സമാഹരിക്കണം.
- സ്കൂളിലെ സർഗ്ഗ വേളകൾ ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തണം.
- ക്ലാസ്സ് തലത്തിൽനിന്നും ഓരോ മേഖലയിൽനിന്നും മൂന്നു കുട്ടികളെ വീതം സ്കൂൾതലത്തിലേക്ക് തിരഞ്ഞെടുക്കണം.
- സ്കൂൾ ശില്പശാലയിൽനിന്ന് ഓരോ മേഖലയിലെയും 2 കുട്ടികളെ വീതം സബ്ജില്ലാതല ശില്പശാലയിലേക്ക് തെരഞ്ഞെടുക്കേണ്ടതാണ്.
- ഒക്ടോബർ 25-ന് മുൻപായി ക്ലാസ്സ്/സ്കൂൾ തല ശിൽപശാലകൾ നടത്തിത്തീർക്കേണ്ടതാണ്.
- ശില്പശാലയിലെ ഉല്പന്നങ്ങൾ സമാഹരിച്ച് പതിപ്പ് / പുസ്തകം തയ്യാറാക്കണം.
- ശില്പശാലയിലെ മുഴുവൻ കാര്യങ്ങളും ഡോക്യുമെന്റ് ചെയ്യേണ്ടതാണ്.
- ക്ലാസ്സ്തല ശില്പശാലയുടെ നടത്തിപ്പ് ചുമതല ക്ലാസ്സ് ടീച്ചർക്കാണ്.
- സ്കൂൾതല ശില്പശാലകളിൽ മൊഡ്യൂൾ വിനിമയം ചെയ്യുന്ന അധ്യാപകർക്കൊപ്പം പ്രാദേശികമായുള്ള വിദഗ്ധരെയും പ്രയോജനപ്പെടുത്താവുന്നതാണ്.

- പ്രതിഭകളുടെ തിരഞ്ഞെടുപ്പ് സുതാര്യവും കുറ്റമറ്റതുമായിരിക്കാൻ ശ്രദ്ധിക്കണം. വിദ്യാരംഗം മാനുവലിലെ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രത്യേകം പാലിക്കേണ്ടതാണ്.
- സമാപനച്ചടങ്ങ് ലളിതമായിരിക്കണം. സമാപനച്ചടങ്ങിൽവെച്ച് പ്രതിഭകൾക്ക് സമ്മാനങ്ങൾ നൽകാവുന്നതാണ്.
- ശില്പശാലയുടെ ഓരോ തലത്തിൽ നിന്നും ഉപരിതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെന്നവർക്ക് ക്ലാസ്സധ്യാപകർ, പ്രധാനധ്യാപകൻ, ഉപജില്ല വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ സാക്ഷ്യപത്രം നൽകേണ്ടതാണ്.
- അനുബന്ധമായി നൽകിയിരിക്കുന്ന പുസ്തകങ്ങൾക്കും സാമഗ്രികൾക്കും പുറമേ ഇതര പുസ്തകങ്ങളും സാമഗ്രികളും പ്രയോജനപ്പെടുത്താവുന്നതാണ്.
- ശില്പശാലകൾക്കുശേഷം ക്ലാസ്സ്തല റിപ്പോർട്ട് ക്ലാസ്സ് അധ്യാപകൻ പ്രഥമാധ്യാപകനെയും സ്കൂൾതല റിപ്പോർട്ട് പ്രഥമാധ്യാപകൻ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ /ജില്ല വിദ്യാഭ്യാസ ഓഫീസർക്കും, ഉപജില്ലാതല റിപ്പോർട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ വിദ്യാഭ്യാസ ഉപഡയറക്ടറെയും ഏൽപ്പിക്കേണ്ടതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഉകള്ളം, ടടഅ, ഞങ്ങടഅ, എന്നിവയുടെ സേവനം ശില്പശാലയിൽ ഉറപ്പുവരുത്താവുന്നതാണ്.

********